**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5534** **24-03-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ ജയിൽ നിർമ്മാണ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എറണാകുളം ജില്ലാ കളക്ടറുടെ 19/7/2024-ലെ DLEKM/2433/2023-L7 നടപടിക്രമ പ്രകാരം പുതിയ ജയിൽ നിർമ്മിക്കുന്നതിനായി കേരള പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസ് വകുപ്പിന് അനുവദിച്ച് നൽകിയ വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പ് വില്ലേജ്, ബ്ലോക്ക് 10-ൽ റീസർവ്വേ 300/1-ൽ പ്പെട്ട 19.03 ആർ വിസ്തീർണ്ണമുള്ള സ്ഥലത്ത് ജയിൽ നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | എറണാകുളം ജില്ലാ കളക്ടറുടെ 19/07/2024 തീയതിയിലെ DCEKM/2433/2023-L7 നമ്പർ ഉത്തരവ് പ്രകാരം എറണാകുളം ജില്ലയിൽ പുതുവൈപ്പ് വില്ലേജിൽ, ബ്ലോക്ക് നമ്പർ 10 ൽ സർവ്വേ 300/1-ൽപ്പെട്ട സർക്കാർ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ള 19.03 ആർ സ്ഥലം, ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ജയിൽ വകുപ്പിന് കൈമാറിക്കൊണ്ട് ജില്ലാ കളക്ടർ ഉത്തരവായിരുന്നു. എന്നാൽ മേഖലാ ഡി.ഐ.ജി മുഖേന നടത്തിയ പ്രാഥമിക പരിശോധനയിൽ സ്ഥലം ജയിൽ നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് കണ്ടെത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് അധികവിവരങ്ങൾ സമർപ്പിക്കുവാൻ ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിരിക്കുകയാണ് |
| (ബി) | എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ? | (ബി) | എറണാകുളം ജില്ലാ കളക്ടറുടെ 19/07/2024 തീയതിയിലെ DCEKM/2433/2023-L7 നമ്പർ ഉത്തരവ് പ്രകാരം എറണാകുളം ജില്ലയിൽ പുതുവൈപ്പ് വില്ലേജിൽ, ബ്ലോക്ക് നമ്പർ 10 ൽ സർവ്വേ 300/1-ൽപ്പെട്ട സർക്കാർ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ള 19.03 ആർ സ്ഥലം, ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ജയിൽ വകുപ്പിന് കൈമാറിക്കൊണ്ട് ജില്ലാ കളക്ടർ ഉത്തരവായിരുന്നു. എന്നാൽ മേഖലാ ഡി.ഐ.ജി മുഖേന നടത്തിയ പ്രാഥമിക പരിശോധനയിൽ സ്ഥലം ജയിൽ നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് കണ്ടെത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് അധികവിവരങ്ങൾ സമർപ്പിക്കുവാൻ ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിരിക്കുകയാണ് |

സെക്ഷൻ ഓഫീസർ